ഉത്തരം

(എ&ബി) പ്രസ്തുത റോഡുപ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ടെണ്ടർ നടപടികളിൽ കോടതി തീരുമാനം വേണ്ടിവന്നതിനാൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) കോടതി തീരുമാനം അനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പുഞ്ചക്കുഴി പാലത്തിന്റെ അപകടാവസ്ഥ

67 (3326) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ വല്ലം-പാണംകുഴി റോഡിലെ പുഞ്ചക്കുഴിപ്പാലം അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ചാലപ്പാലം പുതുക്കിപ്പണിയുന്നതിന് നടപടി

68 (3627) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ-കൂത്തുപ്പറമ്പ് റോഡിൽ ചാലപ്പാലം പുതുക്കിപ്പണിയുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ബഡ്ജറ്റിൽ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇതു പൂർത്തിയാക്കിയതിനുശേഷമേ ബഡ്ജറ്റിൽ തുക വകയിരുത്താൻ സാധിക്കൂ. ഈ പാലം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly